(ബി) ഈ പദ്ധതിക്ക് എതിർപ്പുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എതിർപ്പ് എന്തടിസ്ഥാനത്തിൽ;

(ഡി) സ്വന്തം വയലിൽ നെൽക്കൃഷി ചെയ്യണോ മത്സ്യക്കൃഷി ചെയ്യണോ എന്ന് തീരുമാനിക്കാനുള്ള അധികാരം വയലുടമയ്ക്കുണ്ടോ;

(ഇ) പശ്ചിമ ബംഗാളിനെപ്പോലെ നെൽക്കൃഷിയുടെ കൂടെ മത്സ്യക്കൃഷിയും നടത്തുന്നത് പ്രായോഗികമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി ഫിഷറീസ് വകുപ്പ് കൃഷിവകുപ്പുമായി ആലോചിച്ച് അംഗീകരിച്ച് നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ട്. നെൽക്കൃഷി ചെയ്യുവാൻ വയലുകളിൽ കൃഷി ചെയ്യാതിരിക്കുന്ന സമയങ്ങളിൽ മാത്രം മത്സ്യക്കൃഷി നടത്താനാണ് പ്രോത്സാഹിപ്പിക്കുന്നത്.

(ബി) ചെറിയ തോതിൽ എതിർപ്പുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കർഷകത്തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്ന ആശങ്കയാലാണ് എതിർപ്പ് ഉണ്ടായിട്ടുള്ളത്.

(ഡി) മേൽപ്പറഞ്ഞ പദ്ധതിയനുസരിച്ച് വയലുടമയ്ക്ക് നെല്ലും മത്സ്യവും മാറി മാറി കൃഷി ചെയ്യാവുന്നതാണ്.

(ഇ) ഫിഷറീസ് വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇത് സാധ്യമാണെങ്കിലും പ്രായോഗികതലത്തിൽ വിളപരിപാലനത്തിന് ബുദ്ധിമുട്ടുളവാക്കും.

കോഴിവളർത്തൽ ഫാമുകൾ

80 [1087] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ഡി. സതീശൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോഴിവളർത്തൽ ഫാമുകളാണുള്ളത്;

(ബി) സംസ്ഥാനത്തിനാവശ്യമായ കോഴിമുട്ടയും കോഴിയിറച്ചിയും ഉല്പാദിപ്പിക്കുവാൻ ഇവയ്ക്ക് കഴിയുന്നുണ്ടോ;

(സി) ഇല്ലാത്തപക്ഷം സംസ്ഥാനത്തിനാവശ്യമായ കോഴിയിറച്ചിയുടേയും കോഴിമുട്ടയുടേയും എത്ര ശതമാനം ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിനാവശ്യമായ മുഴുവൻ കോഴിമുട്ടയും കോഴിയിറച്ചിയും ഉല്പാദിപ്പിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒമ്പതും കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ രണ്ടും ഉൾപ്പെടെ സംസ്ഥാനത്ത് പതിനൊന്ന് കോഴിവളർത്തൽ ഫാമുകൾ ഉണ്ട്.

(ബി, സി) കോഴിമുട്ടയുടേയോ, ഇറച്ചിയുടേയോ ആവശ്യത്തിനായി സംസ്ഥാനത്തെ ഫാമുകളിൽ കോഴികളെ വളർത്തുന്നില്ല. സംസ്ഥാനത്തിനാവശ്യമായ കോഴിമുട്ടയും കോഴിയിറച്ചിയും ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നില്ല. സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന കോഴിമുട്ടയുടേയും കോഴിയിറച്ചിയുടേയും കണക്കുകൾ ലഭ്യമല്ല. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ ഇറച്ചിയുടേയോ മുട്ടയുടേയോ ആവശ്യത്തിനായി കോഴികളെ വളർത്തുന്നില്ല. ഇവിടെ മുട്ടക്കോഴി കുഞ്ഞുങ്ങളെ വിരിയിച്ച് അംഗീകൃത പൗൾട്രി നഴ്സറികളിൽ വളർത്തി വിതരണം ചെയ്യുന്നു. സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ഫാമിൽ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ച് കേരളത്തിലെ കർഷകർക്ക് നേരിട്ടും ഏജൻസി മുഖാന്തിരവും വിതരണം ചെയ്യുന്നു. പ്രസ്തുത കോർപ്പറേഷന്റെ കൊട്ടിയത്തുള്ള ഫാമിൽ വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതിയുടെ ഭാഗമായി ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 30 മുതൽ 40 ദിവസംവരെ വളർത്തി വിതരണം ചെയ്തുവരുന്നു.

(ഡി) സംസ്ഥാനത്തിനാവശ്യമായ കോഴിമുട്ടയും കോഴിയിറച്ചിയും ഘട്ടംഘട്ടമായി ഉല്പാദിപ്പിക്കുവാൻ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിവരുന്നു. വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതിയിലൂടെ ഒരു വർഷത്തിൽ കുറഞ്ഞത് ഏഴ് ലക്ഷം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. (6 ലക്ഷം പിടക്കോഴിയും 1 ലക്ഷം പൂവൻകോഴിയും) ഇതിലൂടെ 12.5 കോടി മുട്ടയും 1,400 ടൺ കോഴിയിറച്ചിയും വർഷംതോറും ഉല്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ കർഷകരിൽക്കൂടി ഉല്പാദനശേഷി കൂടിയ ഇനം മുട്ടക്കോഴികളുടെ കുഞ്ഞുങ്ങളെ നൽകി അവരുടെ ഫാമുകളിൽ വളർത്തി മുട്ടയുല്പാദിപ്പിച്ച് കർഷകരെ വിപണനത്തിന് സഹായിക്കാനും പദ്ധതികൾ തയ്യാറാക്കിവരുന്നു. നബാർഡിന്റെ സഹായത്തോടുകൂടി സാമ്പത്തിക സഹായം നൽകാനുള്ള ചർച്ചയും നടന്നുവരുന്നു. അങ്ങനെ ഘട്ടംഘട്ടമായി സംസ്ഥാനത്തിനാവശ്യമായ മുഴുവൻ മുട്ടയും കോഴിയിറച്ചിയും ഇവിടെത്തന്നെ ഉല്പാദിപ്പിക്കുവാൻ സാധിക്കും.

കോഴിക്കുഞ്ഞുങ്ങളും കൂടും നൽകുന്ന പദ്ധതി

81 [1088] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കുഞ്ഞുങ്ങളും കൂടും നൽകുന്ന പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നത്;

(ബി) ജനപ്രതിനിധികളെ അറിയിക്കാതെയും ജനപ്രതിനിധികളോട് ആലോചിക്കാതെയും ഈ പദ്ധതി നടപ്പാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly